പദ്ധതികളുടെ നിർവ്വഹണം ഇതിനോടകംതന്നെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റുള്ളവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയാണ്. എന്നാൽ സാങ്കേതിക കാരണങ്ങൾകൊണ്ട് ചില പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നടത്തിപ്പിനുവേണ്ടിയുള്ള ഭരണപരമായ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നടപ്പുവർഷം ആവശ്യമായ തുക ഉചിത മാർഗ്ഗങ്ങളിലൂടെ അനുവദിച്ച് നൽകിവരുന്നുണ്ട്.

(സി) ബഡ്ജറ്റ് പ്രസംഗങ്ങളിലെ പ്രഖ്യാപനങ്ങളുടെ നടപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വിവിധ നിർവ്വഹണ വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളുമായുള്ള ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനങ്ങളുടെ നിർവ്വഹണം വകുപ്പുതല യോഗങ്ങളിൽ അവലോകനം ചെയ്യാറുണ്ട്. വിവിധ വകുപ്പുകളിൽനിന്നും ലഭ്യമായ കണക്കനുസരിച്ച് 2015-16 ബഡ്ജറ്റിൽ പുതുതായി പ്രഖ്യാപിച്ച അൻപത്തിയെട്ട് പദ്ധതികളിൽ പത്തെണ്ണം പൂർണ്ണമായും സാക്ഷാത്കരിച്ചിട്ടുണ്ട്. മറ്റ് പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുന്നതായി വിലയിരുത്തിയിട്ടുണ്ട്.

(ഡി) ആസൂത്രണത്തിലെ അഭാവത്തേയും നിർവ്വഹണത്തിലെ പോരായ്മയുടെയും ഭാഗമായി പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ദേശീയ സമ്പാദ്യ പദ്ധതി

101 (1841) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യപദ്ധതിയുടെ ഭാഗമായ മഹിളാ പ്രധാൻ ഏജന്റുമാർക്ക് 2015-16 വർഷത്തെ ലക്ഷ്യം നിശ്ചയിച്ചു നൽകിയിട്ടുണ്ടോ ;

(ബി) ഈ സാമ്പത്തിക വർഷം നിശ്ചയിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇതുവരെ എത്ര കോടി രൂപ സമാഹരിച്ചു ;

(സി) മഹിളാ പ്രധാൻ ഏജന്റുമാർക്ക് ഈ ജോലിക്കു പുറമെ മാലിന്യ സംസ്കരണം, ജലസംരക്ഷണം, വൈദ്യുതി വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് അധിക ജോലി നൽകിയിട്ടുണ്ടോ ; ഇതിന് പ്രത്യേക വേതനം നൽകുന്നുണ്ടോ ;

(ഡി) ദേശീയ സമ്പാദ്യ പദ്ധതി വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഈ സാമ്പത്തിക വർഷം 1000 കോടി രൂപ മിച്ച നിക്ഷേപമായി സമാഹരിക്കുവാൻ ഗവൺമെന്റ് ലക്ഷ്യമിട്ടിരുന്നു. 31-12-2015 വരെ 903 കോടി രൂപ ഈ ഇനത്തിൽ സമാഹരിക്കുവാൻ സാധിച്ചു.

(സി) ഉണ്ട്.

ഇതിന് പ്രത്യേകം വേതനം നൽകുന്നുണ്ട്.

(ഡി) ദേശീയ സമ്പാദ്യ പദ്ധതി വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 1000 കോടി രൂപ മിച്ച നിക്ഷേപമായി സമാഹരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ അവർക്ക് നൽകിയിരിക്കുന്ന നിക്ഷേപ ലക്ഷ്യം ജില്ലാതല ഉദ്യോഗസ്ഥർക്ക് വിഭജിച്ചു നൽകിയിട്ടുള്ളതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടെ 31-3-2016 നകം നിക്ഷേപക ലക്ഷ്യം കൈവരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട് നിക്ഷേപ ലക്ഷ്യം കൈവരിക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകന യോഗം ജില്ലാ കളക്ടർമാർ വിളിച്ചുചേർക്കാറുണ്ട്. ജില്ല തോറും നിക്ഷേപ സമാഹരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിന് എസ്.എ.എസ്./ എം.പി.കെ.ബി.വൈ ഏജന്റുമാരുടെ അവലോകന യോഗം ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ഓഫീസറുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കൂടാതെ ജില്ലാ ഓഫീസർമാരുടെ മാസംതോറുമുള്ള അവലോകന യോഗം ഡറയക്ടറും നടത്തിവരുന്നു. സ്കൂൾ സഞ്ചയികാ സ്കീം പ്രോത്സാഹിപ്പിക്കുന്നതിന് പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർക്ക് പ്രോത്സാഹന അലവൻസ്, കൂടുതൽ തുക സമാഹരിക്കുന്ന സ്കൂളുകൾക്ക് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ട്രോഫി, മെരിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം

102 (1842) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ;